[ചട്ടം 19 (2) കാണുക]

## അടൂർ മുനിസിപ്പൽ കൌൺസിൽ

**2016- ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9)–ലെ 36-ാം വകുപ്പിന്റെ 4-ാം ഉപവകുപ്പ് പ്രകാരം കരട് അടൂർ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്**

താഴെ പറയുന്ന അതിരുകളോടു കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ കരട് മാസ്റ്റർ പ്ലാൻ അടൂർ മുനിസിപ്പൽ കൌൺസിൽ പരിഷ്കരണങ്ങളില്ലാതെ സ്വീകരിച്ചത്, അടൂർ മുനിസിപ്പൽ കൌൺസിൽ-ന്റെ ഔദ്യോഗിക വെബ് സൈറ്റായ www.adoormunicipality.lsgkerala.gov.in ലും, തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.lsgkerala.gov.in ലും 2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 36-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

| | |
|---|---|
| വടക്ക് | : പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്ത് |
| കിഴക്ക് | : കൊടുമൺ ഗ്രാമ പഞ്ചായത്ത് |
| തെക്ക് | : ഏഴംകുളം, ഏറത്ത് ഗ്രാമ പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് |

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.

(എ). അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ : നിലവിലില്ല

(ബി). പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ : നിലവിലില്ല

(സി). മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക : ഇല്ല

(ഡി). നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ : ഇല്ല

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി അടൂർ മുനിസിപ്പൽ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താത്പര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം അടൂർ മുനിസിപ്പൽ സെക്രട്ടറിയ്ക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016–ലെ 9) 61-ാം വകുപ്പ് പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിനു മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സെക്രട്ടറി

ചെയർപേഴ്സൺ

MUNICIPAL OFFICE

സ്ഥലം : അടൂർ

തീയതി : 10/1/2025